## പതിനാലാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **12.11.2019 ൽ മറുപടിക്ക്**
**ചോദ്യം നമ്പർ : 4190**

### ഗെയ്ൽ പൈപ്പ്ലൈൻ പദ്ധതിയിൽ നൽകിയ നഷ്ടപരിഹാര തുക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ടി. വി. ഇബ്രാഹിം :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | ഗെയ്ൽ പദ്ധതിയിൽ സംസ്ഥാനത്ത് ആകെ ഇതുവരെ എത്ര രൂപ നഷ്ടപരിഹാരം നൽകി എന്നറിയിക്കാമോ; | (എ) | ഗെയിലിന്റെ കൊച്ചി - കൂറ്റനാട് - ബാംഗ്ലൂർ - മാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതിക്കായി കേരളത്തിൽ ഉപയോഗാവകാശ ഭൂമി ഏറ്റെടുക്കുന്നതിനും, ഭൂമിയിലെ നാശനഷ്ടങ്ങൾക്കുമായി 325.54 കോടി രൂപ അവാർഡ് പാസ്സാക്കിയിട്ടുണ്ട്. |
| (ബി) | നഷ്ടപരിഹാരത്തിന് കൃഷിയില്ലാത്ത ഭൂമി, കൃഷിയുള്ള ഭൂമി, നാണ്യവിളകൾ, വൃക്ഷങ്ങൾ തുടങ്ങി ഓരോന്നിനും നിശ്ചയിച്ച നഷ്ടപരിഹാര നിരക്ക് വെളിപ്പെടുത്താമോ; | (ബി) | ഉപയോഗാവകാശം ഏറ്റെടുക്കുന്ന ഭൂമിക്ക് ഭൂമിയുടെ വിലയായി പി & എം.പി ആക്ട്, 1962 സെക്ഷൻ 10(4) പ്രകാരം ഭൂമിയുടെ 3(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച തീയ്യതിക്ക് ഉണ്ടായിരുന്ന മാർക്കറ്റ് വിലയുടെ 10% നൽകേണ്ടതാണ്. എന്നാൽ ഈ നഷ്ടപരിഹാരം വളരെ കുറഞ്ഞുപോയി എന്ന പരാതി ഉയർന്നതിനാൽ കേരള സർക്കാർ നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവിറക്കി. ആയതിൻപ്രകാരം ഭൂമിയുടെ നഷ്ടപരിഹാരമായി പൈപ്പ്ലൈൻ സ്ഥാപിച്ച 10 മീറ്റർ ഭൂമിയുടെ 100% ന്യായവിലയും നൽകി വരുന്നു. കൂടാതെ 10 സെന്റിൽ താഴെ മാത്രം ഭൂമിയുള്ളവരുടെ ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുമ്പോൾ, അവരുടെ ഉടമസ്ഥതയിൽ മറ്റു ഭൂമിയൊന്നുമില്ലെങ്കിൽ പൈപ്പ് ലൈൻ വിന്യസിച്ചതിനു ശേഷം ROU 2 മീറ്ററായി ചുരുക്കുകയും 5 ലക്ഷം രൂപ ആശ്വാസ ധനമായി (വിളകൾക്കു നൽകിയ നഷ്ടപരിഹാരത്തിനു പുറമെ) നഷ്ടപരിഹാരം നൽകുകയും ചെയ്യുന്നതാണ്. ഇതിനുപുറമെ കേരള സർക്കാർ |

| | | | |
|---|---|---|---|
| | | | ഉത്തരവിൻ പ്രകാരം നെൽവയലുകൾക്കുള്ള നഷ്ടപരിഹാരം സെന്റ് ഒന്നിന് 3761 രൂപ വച്ച് നൽകി വരുന്നു. |
| (സി) | ഗെയ്ൽ പദ്ധതിയിൽ മലപ്പുറം ജില്ലയിൽ നാളിതുവരെ എത്ര രൂപ നഷ്ടപരിഹാരമായി നൽകിയെന്ന് ഇനം തിരിച്ച് അറിയിക്കാമോ? | (സി) | മലപ്പുറം ജില്ലയിലെ പൈപ്പ്ലൈനിന്റെ മൊത്തം നീളം 58 കി.മീറ്ററാണ്. ഭൂമിയിലെ വിളകൾക്കും ചമയങ്ങൾക്കും മറ്റ് നിർമ്മാണ പ്രവർത്തികളുടെ നാശനഷ്ടങ്ങൾക്കുമായി നഷ്ടപരിഹാരമായി 42.48 കോടി രൂപ കോംപിറ്റന്റ് അതോറിറ്റി പാസ്സാക്കിക്കഴിഞ്ഞു. 10 സെന്റിൽ താഴെ ഭൂമിയുള്ളവർക്ക് 5 ലക്ഷം രൂപ പാക്കേജ് ഇനത്തിൽ ആകെ 1.10 കോടി രൂപയും കോംപിറ്റന്റ് അതോറിറ്റി പാസ്സാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**